# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.698 — 29/01/2019 ൽ മറുപടിക്ക്

**ശബരിമല വരുമാനത്തിലെ കുറവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.കെ. രാജൻ<br>ശ്രീമതി സി.കെ. ആശ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മണ്ഡലകാലത്തിനിടെ ശബരിമലയിൽ ഒരുക്കിയ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ തകർന്ന പമ്പയിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡ്ഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധ ജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയിലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തി ഇടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കു |

| | | | |
|---|---|---|---|
| | | | ന്നതിനും,അന്നദാനത്തിനും , കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കു ന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട്.മാലിന്യ നിർമ്മാർജ്ജനത്തിന് ശുചീകരണത്തൊഴിലാളികളെ ചുമതലപ്പെടുത്തുകയും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മണ്ഡല-മകരവിളക്ക് കാലം അവസാനിച്ചപ്പോഴുള്ള ശബരിമലയിലെ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ശബരിമല വരുമാനം കുറഞ്ഞതിന് പിന്നിൽ ചില സംഘടനകൾ നടത്തിയ കുപ്രചരണങ്ങളാണോയെന്ന് വ്യക്തമാക്കുമോ; | (സി) | ശബരിമലയിൽ യുവതി പ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച ബഹു. സുപ്രീം കോടതി വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ചില സംഘടനകൾ നടത്തിയ പ്രചരണങ്ങൾ, സമരങ്ങൾ ഹർത്താലുകൾ എന്നിവ ഭക്തരെ ശബരിമലയിൽ എത്തുന്നതിനെ തടസ്സപ്പെടുത്തി യിട്ടുള്ളതാണ്. |
| (ഡി) | ശബരിമല വരുമാനം കുറയുന്നത് ഏതൊക്കെ മേഖലകളിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ശബരിമല വരുമാനം കുറയുന്നത് ദേവസ്വം ബോർഡിലെയും ക്ഷേത്രങ്ങളിലെയും ജീവനക്കാരുടെ ശമ്പളം, പെൻഷൻ, വികസന പ്രവർത്തനങ്ങൾ ബോർഡിലെയും ക്ഷേത്രങ്ങളിലെയും ദൈനം ദിന ചെലവുകൾ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

## ശബരിമലയിലെ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ

| നമ്പർ | ഇനം | 2018-2019 (1194 എം.ഇ) |
|---|---|---|
| 1 | അഭിഷേകം | 1,80,69,230/- |
| 2 | അപ്പം | 7,40,74,000/- |
| 3 | അരവണ | 74,24,74,310 |
| 4 | വെള്ളനിവേദ്യം | 6,58,420 |
| 5 | ശർക്കരപ്പായസം | 45,27,440 |
| 6 | അർച്ചന | 7,29,100/- |
| 7 | മാലവടി പൂജ | 48,440/- |
| 8 | പഞ്ചാമൃതം | 37,52,300/- |
| 9 | ആടിയ ശിഷ്ടം നെയ്യ് | 1,74,08,750/- |
| 10 | ബുക്ക് സ്റ്റാൾ | 65,15,818/- |
| 11 | കാണിക്ക | 72,10,17,321/- |
| 12 | മാളികപ്പുറം | 1,44,01,065/- |
| 13 | മുറിവാടക | 2,81,56,640/- |
| 14 | അയ്യപ്പ ചക്രം | 6,04,850/- |
| 15 | ഡി.എച്ച് | 1,07,48,250/- |
| 16 | മറ്റിനം | 2,94,31,390/- |
| 17 | സംഭാവന | 1,55,61,511/- |
| 18 | കോൺട്രാക്ട് | 9,89,14,267/- |
| 19 | മണിയോർഡർ | 1,94,141/- |
| 20 | പൂജിച്ച മണി | 2,67,090/- |
| 21 | RTGS (കുത്തക) | 0 |
| ആകെ | | 178,75,54,333/- |
| 22 | അന്നദാന സംഭാവന | 1,43,44252/- |
| **ആകെ മൊത്തം** | | **180,18,98,585/-** |

സെക്ഷൻ ഓഫീസർ